**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4089 21.10.2016 ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ റീ രജിസ്ട്രേഷൻ**

| **ചോദ്യം**<br>**ഡോ.എൻ.ജയരാജ്** | | **ഉത്തരം**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് റീ രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണൽ വിധിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 23.05.2016-ലെ 137/2016 (എസ്.ഇസെഡ്) എന്ന അപേക്ഷയിലെ ഇടക്കാല ഉത്തരവിലൂടെ ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണൽ 10 വർഷം കഴിഞ്ഞ ഡീസൽ വാഹനങ്ങൾക്ക് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിൽ നിരോധനം ഏർപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവ് ബഹു.കേരള ഹൈക്കോടതി WP(C) No.18576/2016-V-ലെ 27.05.2016 തീയതിയിലെ ഇടക്കാല ഉത്തരവിലൂടെ സ്റ്റേ ചെയ്തിട്ടുണ്ട്. |
| (സി) | ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണലിന്റെ വിധി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ മറ്റ് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**